Email:-keralarcs.coop@kerala.gov.in
website:- www.cooperation.kerala.gov.in
Fax- **0471-2331513**
Tel- **0471-2330726**

സി.ജി.(1) 17614 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **20/4/2013**

# സർക്കുലർ നമ്പർ 28/2013

വിഷയം– സഹകരണ വകുപ്പ്–കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി– അംഗങ്ങളാകുന്നത് സംബന്ധിച്ച്.

സൂചന– കേരള സഹകരണസംഘം (ഭേദഗതി)നിയമം 2013 (2013 ലെ 8–ാം നമ്പർ നിയമം)

വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുന്ന വായ്പക്കാരുടെ ഒരു നിശ്ചിത തുക വരെയുള്ള വായ്പ ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ഡി) യിലെ വ്യവസ്ഥ അനുസരിച്ച് കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പിലാക്കി യിരുന്നു. **1.4.2008** മുതൽ നിലവിൽ വന്ന ടി പദ്ധതിയിൽ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ചേരേണ്ടതും വായ്പക്കാരിൽ നിന്നും നിശ്ചിത വിഹിതം ഈടാക്കി, പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ട തുണ്ട്. ഇക്കാര്യത്തിൽ വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ല. **1.4.2008** മുതൽ പ്രാബല്യത്തിൽ വന്ന റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചില വായ്പ സഹകരണ സംഘങ്ങൾ നാളിതുവരെ അംഗമായിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എടുത്ത് മരണപ്പെട്ട–വരുടെ ആശ്രിതർക്ക് ധനസഹായം ലഭിക്കാത്ത സാഹചര്യമാണ് ഈ സംഘങ്ങളിൽ നിലവി ലുള്ളത്.

കേരള നിയമസഭ പാസ്സാക്കിയ 2013–ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ (2013 ലെ 8–ാം നമ്പർ നിയമം) വകുപ്പ് 57 (ഡി)(3) പ്രകാരം റിസ്ക്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ പ്രസ്തുത ഭേദഗതി നിയമം നിലവിൽ വന്ന് 3 മാസത്തിനകം റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതുണ്ട്. കേരള സഹകരണ സംഘം ഭേദഗതി നിയമം 14.2.2013 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിലക്ക് കൽപിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകയാൽ

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ബാധകമായ എല്ലാ വായ്പ സഹകരണ സംഘങ്ങളും ഉടൻ തന്നെ പദ്ധതിയിൽ ചേരേണ്ടതും വായ്പക്കാരിൽ നിന്നും റിസ്ക്ക് ഫണ്ട് വിഹിതം ഈടാക്കി കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അടയ്ക്കണ്ടതുമാണ്.

ഒപ്പ്

കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)